ഖുത്ബ
22.6.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# റുശ്ദിക്ക് 'നൈറ്റ്' അവാർഡ്
# മുസ്‌ലിംലോകം എങ്ങനെ പ്രതികരിക്കണം?

**ലോ**കത്തെല്ലായിടത്തും കുഴപ്പങ്ങളുണ്ടാകുകയും, ഒരിടത്തും സമാധാനം ഇല്ലാതാകുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ സൃഷ്ടിയുടെ നന്മയ്ക്കും, തന്റെ ദാസരെ ആ കുഴപ്പങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുമായി നബിമാരെ അയക്കുന്നു എന്ന കാര്യം നമുക്കെല്ലാവർക്കും അറിയുന്നതാണ്. ലോകത്തുനിന്ന് തഖ്‌വ തികച്ചും ഉയർന്നുപോകുമ്പോഴാണ് ഈ നബിമാരെ അയക്കുന്നത്. ഇന്നേയ്ക്ക് 1400 വർഷം മുമ്പേ നാമിത് കണ്ടതാണ്. ഈ ഭൂമുഖത്തുനിന്ന് തഖ്‌വ പൂർണ്ണമായും ഉയർന്നുപോകുകയും കരയിലും കടലിലും, എല്ലായിടത്തും കുഴപ്പം അതിന്റെ ഉച്ചിയിലെത്തുകയും ചെയ്തപ്പോൾ അല്ലാഹു തന്റെ അവസാന ശരീഅത്ത് (ധർമ്മശാസ്ത്രം) നബി(സ) തിരുമേനിയിൽ ഇറക്കിക്കൊണ്ട് ലോകത്തെ ആ കുഴപ്പങ്ങളിൽനിന്നെല്ലാം രക്ഷിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കി. അല്ലാഹു നബി(സ) തിരുമേനിയിൽ ഖുർആൻ ഇറക്കിക്കൊണ്ട് അവനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ട രീതി അവരെ പഠിപ്പിച്ചു. മുൻപ്രവാചകന്മാരെ വിശ്വസിച്ചിരുന്നവർ അവ ഒന്നുകിൽ മറന്നുപോയിരുന്നു. അല്ലെങ്കിൽ ഉന്നതക്കിടയിലുള്ള ആ കല്പനകൾ ആ ആദ്യനബിമാർക്ക് നല്കിയിട്ടില്ലായിരുന്നു. അറിവില്ലായ്മകൊണ്ട് ബഹുദൈവവിശ്വാസികൾ അതിന്റെ പാരമ്യതയിലെത്തിയിരുന്നു. വിശുദ്ധഖുർആൻ ഏത് കല്പനകൾ നിറവേറ്റുന്നതിനും തഖ്‌വയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. തഖ്‌വ അഥവാ ദൈവഭക്തി ഒരു സുപ്രധാന കാര്യമാണ്. ഇതിനെ സംബന്ധിച്ച് ഒരു മനുഷ്യന് വിവരവും അറിവും ഉണ്ടായാൽ, അവന് അല്ലാഹുവിന്റെ സിഫത്തനുസരിച്ച് പ്രവർത്തിക്കാനും അതിന്റെ പ്രതിച്ഛായയായി മാറാനും അതിനെ പ്രചരിപ്പിക്കുന്നവരായിത്തീരാനും കഴിയും. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) ഈ പ്രധാന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരിടത്തു പറയുന്നു:

"വിശുദ്ധഖുർആനിൽ എല്ലാ കല്പനകളേയും അപേക്ഷിച്ച് തഖ്‌വയേയും, ദോഷങ്ങളിൽനിന്ന് അകന്നുനിൽക്കുന്നതിനേയും സംബന്ധിച്ച് വലിയ താക്കീതാണുള്ളത്. കാരണം തഖ്‌വ എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിന് ശക്തി പ്രദാനം ചെയ്യുന്നു. ഓരോ നന്മയിലേക്കും ഓടുന്നതിനുള്ള ശക്തി നല്കുന്നു. ഇത് എത്രമാത്രം താക്കീതുചെയ്തു പറഞ്ഞതിലുള്ള രഹസ്യം, തഖ്‌വ ഓരോ വാതിലിലും മനുഷ്യന് സമാധാനത്തിന്റെ രക്ഷാബന്ധനമാണ് എന്നുള്ളതാകുന്നു. ഇത് എല്ലാ ഓരോ കുഴപ്പങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുന്നതിനുള്ള മനോഹരമായ കോട്ടയാണ്. മുത്തഖിയായ ഒരു മനുഷ്യന് മറ്റുള്ളവർ പിടിയിലാകുകയും ചിലപ്പോൾ നാശം വരെ ചെന്നെത്തുകയും തങ്ങളുടെ എടുത്തുചാട്ടവും ദുർഭാവനയുംകൊണ്ട് ജനതകളിൽനിന്ന് ഭിന്നിക്കുകയും എതിരാളികൾക്ക് ആക്ഷേപിക്കാനുള്ള അവസരം നല്കുകയും ചെയ്യുന്ന വ്യർത്ഥവും ഭയാനകവുമായ ലഹളകളിൽനിന്ന് രക്ഷപ്പെടാൻ കഴിയും.

അതുകൊണ്ട് ഈ തഖ്‌വ തന്നെയാണ് ദീനിന്റെ അടിത്തറ. മുസ്‌ലിംകളിൽ ഇത് നിലനിന്ന കാലംവരെ, അവർ അല്ലാഹുവിന്റെ സമാധാന സന്ദേശത്തെ ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരുന്നു. സൗഭാഗ്യരായ ആത്മാക്കൾ നമ്മളിൽ ചേർന്നുകൊണ്ടിരുന്നു. ഇസ്‌ലാം അറേബ്യയിൽനിന്ന് പുറപ്പെട്ട് മറ്റു ഏഷ്യൻ രാഷ്ട്രങ്ങളിലും വ്യാപിച്ചു. പൗരസ്ത്യവിദൂര ദേശങ്ങളിലും അതു പരന്നു. ആഫ്രിക്കയും ഇതിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രതിഫലം നേടി. യൂറോപ്പിലും ഇസ്‌ലാമിന്റെ പതാക പറപ്പിച്ചു. പക്ഷേ, തഖ്‌വ കുറഞ്ഞുകൊണ്ടുപോകുകയും, സമാധാനത്തിന്റെ സ്ഥാനം സ്വാർത്ഥത പിടിച്ചെടുക്കുകയും സ്നേഹത്തിന്റേയും പ്രേമത്തിന്റേയും സ്ഥാനം അസൂയയും വെറുപ്പും പകയും കൈയേറുകയും ചെയ്തപ്പോൾ തഖ്‌വ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്നവർക്കായി അല്ലാഹു വിധിച്ചിരുന്ന ആ അനുഗ്രഹങ്ങളിൽനിന്നും പാരിതോഷികങ്ങളിൽനിന്നും മുസ്‌ലിംകൾ പിന്തള്ളപ്പെട്ടു. പക്ഷേ, ഞാൻ പറഞ്ഞതുപോലെ കരയിലേയും കടലിലേയും കുഴപ്പങ്ങൾ അകറ്റുന്നതിനായി അല്ലാഹു അവസാനത്തെ അധ്യാപനം നബി (സ) തിരുമേനിയിൽ ഇറക്കി. ഇന്നും ഇതേ അധ്യാപനമാണ് അന്ധകാരത്തെ വെളിച്ചമാക്കി മാറ്റേണ്ടത്. ഇന്നും ഇതേ അധ്യാപനമാണ്, അതിന്റെ സമാധാന സന്ദേശംകൊണ്ട് ലോകത്തിലെ കുഴപ്പങ്ങളെ അകറ്റേണ്ടത്. ആരുടെ ഹൃദയത്തിൽനിന്ന് തഖ്‌വ പുറത്തുചാടിപ്പോയോ അവർ പിന്തള്ളപ്പെടുകയും സ്വാർത്ഥതയിലും അസൂയയിലും വിദ്വേഷത്തിലും വളരുകയും ചെയ്തു. പക്ഷേ, അല്ലാ

ഹുവിന്റെ അവസാന ശരീഅത്തുമായി വന്ന നബി(സ) തിരുമേനിയോടു അവൻ ചെയ്ത വാഗ്ദാനം അതായത്, ഇസ്‌ലാം സകലമതത്തിന്റെമേലും വിജയിക്കുമെന്ന വാഗ്ദാനം അല്ലാഹു പിൻവലിച്ചില്ല. നിർഭാഗ്യരായി പോയിട്ടുണ്ടെങ്കിൽ, അത് തഖ്‌വയില്ലാത്തവരായിരുന്നു. അല്ലാതെ ദീനെ ഇസ്‌ലാമിൽ ഒരുതരത്തിലുള്ള കുറവും വന്നിട്ടില്ല. ഇക്കാലത്ത് അല്ലാഹു ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനും അതിന്റെ അഭിവൃദ്ധിക്കുമായി നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ എഴുന്നേല്പിച്ചു നിറുത്തിയിരിക്കുന്നു. ഇന്ന് മുസ്‌ലിംകൾക്ക് നഷ്ടപ്പെട്ടുപോയ അഭ്യുന്നതിയെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവർ, ഇസ്‌ലാമിന്റെ ശരിയായ പാഠമനുസരിച്ച് പ്രവർത്തിച്ചും, തങ്ങളുടെ മനസ്സുകളെ തഖ്‌വ കൊണ്ടു നിറച്ചും തിരിച്ചുകൊണ്ടുവരേണ്ടതാണ്. ഈ സമാധാനസന്ദേശം നാലുഭാഗത്തും പ്രചരിപ്പിക്കുക എന്നത് അഹ്‌മദികളുടെ ചുമതലയാണ്. ഇസ്‌ലാം അക്രമത്തിന്റേതല്ല മറിച്ച്, മുസ്‌ലിംകൾ സ്നേഹത്തിന്റേയും മൈത്രിയുടേയും ധ്വജവാഹകരാണെന്നുള്ള കാര്യം ഓരോ മനസ്സിലും വേരുറപ്പിക്കേണ്ടതാണ്. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ എല്ലാതലങ്ങളിലും ശാന്തിയും സമാധാനവും നിലനിറുത്താനുള്ളതാണ്. ഇസ്‌ലാം മനുഷ്യതലങ്ങളിലും ദേശീയതലങ്ങളിലും ശാന്തിയും സമാധാനവും സ്ഥാപിക്കാൻ നല്കിയിട്ടുള്ള മനോഹരമായ അധ്യാപനത്തോടു മത്സരിക്കാൻ ഒരു മനുഷ്യചിന്തയ്ക്കും സാധ്യമല്ല. ഒരു മതത്തിനും കഴിയില്ല. ഈ മനോഹര അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടേ ലോകസമാധാനവും ശാന്തിയും സ്ഥാപിക്കാൻ കഴിയുകയുള്ളൂ. രണ്ടാം ലോകമഹായുദ്ധത്തിനുശേഷവും ലോകത്ത് സമാധാനം സ്ഥാപിക്കാൻ, ഐക്യരാഷ്ട്രസഭ എന്ന പേരിൽ ഒരു സംഘടന ഉയർന്നു. എന്നാൽ, അതിന്റെ അവസ്ഥ അതിനുമുമ്പേയുണ്ടായിരുന്ന സംഘടനയുടെ ഗതിപോലെയായിട്ട് നാം കാണുന്നു. വലിയ ബുദ്ധിമതികൾ സംഘടിച്ച് പല പദ്ധതികളും അതിൽ ആസൂത്രണം ചെയ്തിരുന്നു. ഒരുപാട് കമ്മിറ്റികളും രൂപീകരിച്ചിരുന്നു. ലോകത്തിലെ സമാധാനവും ശാന്തിയും നിലനിറുത്തുന്നതിനും വഴക്കുകൾ അമർത്തുന്നതിനും വേണ്ടി സമാധാന കൗൺസിലുമുണ്ടാക്കി. ജീവിതാവസ്ഥകളെ വിലയിരുത്തുന്നതിനായി- അതും കുഴപ്പത്തിന് ഒരു കാരണമാകാറുണ്ട്- കൗൺസിലുണ്ടാക്കി. നീതിപാലനകോടതി സ്ഥാപിച്ചു. എന്നാൽ, ഇതൊക്കെയായിട്ടും ഇന്ന് എന്തൊക്കെ ലോകത്ത് നടക്കുന്നുണ്ടോ, അതെല്ലാവരുടേയും മുമ്പിലുണ്ട്. ഈ എല്ലാ അപജയത്തിന്റേയും കാരണം, ദൈവഭയം കുറഞ്ഞതാണ്. ഇതിൽ ചില ജനതകൾ തങ്ങളെ, സമ്പത്തിന്റേയും ബുദ്ധിയുടേയും ശക്തിയുടേയും അറിവിന്റേയും അഹങ്കാരം കൊണ്ടോ തങ്ങളെ ഏറ്റവും അധികം സമാധാനത്തിന്റെ ധ്വജവാഹകരെന്ന് മനസ്സിലാക്കിക്കൊണ്ടോ തങ്ങളെ എല്ലാവരേക്കാളും ഉന്നതരാക്കിവെച്ചിരിക്കുകയാണ്. അവർ സ്ഥിരാംഗങ്ങളുടേയും സ്ഥിരാംഗങ്ങൾ അല്ലാത്തവരുടേയും നില നിജപ്പെടുത്തിയിരിക്കുന്നു. അതിനൊരിക്കലും നീതി സ്ഥാപിക്കാൻ കഴിയില്ല. ആത്മീയമായ കണ്ണുകളും, അല്ലാഹുവിന്റെ സഹായവും, തഖ്‌വയും ഇല്ലാത്ത ഏതെങ്കിലും ഒരു ശക്തിയ്ക്ക് ഭൂരിപക്ഷ തീരുമാനമനുസരിച്ച് കാര്യങ്ങൾ നടത്താനുള്ള അധികാരം കിട്ടിയാൽ, ആ അധികാരം സമാധാനം പരത്തുന്നതായിരിക്കുകയില്ല. അതിനാൽ, ലോകത്ത് സമാധാനം പരക്കുകയാണെങ്കിൽ, അത് അല്ലാഹു നബി(സ) തിരുമേനിയ്ക്ക് നല്കിയ അധ്യാപനം മുഖേനയായിരിക്കും. ഇതിൽ ദൈവഭക്തി ഉണ്ടാകണമെന്നത് നിബന്ധനയാണ്. ഇതിന്റെ ചില ഉദാഹരണങ്ങൾ ഞാനിവിടെ പറയുകയാണ്. മനുഷ്യരെല്ലാം ഒന്നാണെന്ന നിലയെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

يٰۤاَيُّهَا النَّاسُ اِنَّا خَلَقْنٰكُمْ مِّنْ ذَكَرٍ وَّاُنْثٰى وَجَعَلْنٰكُمْ شُعُوْبًا وَّقَبَآئِلَ لِتَعَارَفُوْا ۚ اِنَّ اَكْرَمَكُمْ عِنْدَ اللّٰهِ اَتْقٰكُمْ ۚ اِنَّ اللّٰهَ عَلِيْمٌ خَبِيْرٌ ﴿١٤﴾

“മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവെച്ചേറ്റവും ദൈവഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു (49:14).

ഇതാണ് ഇസ്‌ലാമികമായ സാഹോദര്യബന്ധത്തിന്റെ പാഠം. ഇസ്‌ലാമിക സാഹോദര്യബന്ധത്തിന്റെ സംസ്ഥാപനത്തിനായിട്ടുള്ള അല്ലാഹുവിന്റെ കല്പന. അല്ലാഹുവിൽ ഭയഭക്തിയുള്ള ഒരു സത്യവിശ്വാസി ഈ സാഹോദര്യബന്ധത്തിന്റെ

അധ്യാപനം തന്നിൽ പൂർണ്ണമായും നടപ്പാക്കുന്നതിനും ലോകത്ത് പ്രചരിപ്പിക്കുന്നതിനും വേണ്ടി ഈ കല്പന നല്കിയിരിക്കുകയാണ്. ഈ കല്പന മുഖേനയാണ് ലോകത്ത് സ്നേഹവും മൈത്രിയും പരസ്പരമുള്ള സമഭാവനയും സ്ഥാപിതമാകുന്നത്. ഇല്ലെങ്കിൽ ഇവർ എത്ര സമാധാന കൗൺസിലുകൾ ഉണ്ടാക്കിയാലും, മറ്റുള്ളവരേക്കാൾ ശക്തരാഷ്ട്രങ്ങൾ അധികാരം കൂടുതൽ തങ്ങളുടെ കൈയിൽ ഒതുക്കിവെച്ചിരിക്കുന്നതുകൊണ്ട്, ജനങ്ങളുടെ വിഷമം ദൂരീകരിക്കാൻ കഴിയില്ല. ലോകത്ത് സമാധാനം സ്ഥാപിക്കുമെന്നുള്ള ജാമ്യം നല്കാനും ലോകത്തിന്റെ വിഷമം ദൂരീകരിക്കാനും കഴിയുന്നത്, ജനങ്ങളുടെ ഉന്നമനത്തിനെന്ന് പറഞ്ഞ് ഇവർ കാട്ടിക്കൂട്ടുന്ന അസത്യപരവും അക്രമപരവുമായ കാര്യങ്ങൾ അവസാനിക്കുമ്പോഴാണ്. വംശീയപരവും ദേശീയപരവുമായ ഉയർച്ചയുടെ അഹങ്കാരം മനസ്സുകളിൽനിന്നും ബുദ്ധികളിൽനിന്നും പുറത്തുപോകാത്തിടത്തോളം ഈ അസ്വസ്ഥത അകലുകയില്ല. ഓരോ വംശരുടേയും ജനതയുടേയും ഭരണകർത്താക്കളുടേയും ബുദ്ധിയിൽ തങ്ങൾ ആദമിന്റെ മക്കളാണെന്നും തങ്ങൾ ഉണ്ടായത് പ്രകൃതിയുടെ നിയമമനുസരിച്ച് പുരുഷനും സ്ത്രീയും ചേർന്നതിന്റെ ഫലമാണെന്നും മനുഷ്യരെന്ന നിലയിൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ തുല്യരാണെന്നും മനസ്സിലാക്കാത്തിടത്തോളം ലോകത്ത് സമാധാനം സ്ഥാപിതമാകുകയില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആരെങ്കിലും ഉന്നതരാണെങ്കിൽ, അത് തഖ്വയുടെ അടിസ്ഥാനത്തിലായിരിക്കും. ആരുടെ തഖ്വയുടെ നിലയാണ് ഉന്നതം എന്നറിയുന്നത് അല്ലാഹുവാണ്. തഖ്വയുടെ നില സ്വന്തമായി പ്രഖ്യാപിക്കാൻ ആർക്കും കഴിയുകയില്ല. അത് ഉരച്ചുനോക്കാനും ആർക്കും സാധ്യമല്ല. അല്ലാഹു പറയുന്നു: നിങ്ങളുടെ നില, മറ്റുള്ള മനുഷ്യരിൽനിന്ന് നിങ്ങൾ ഉന്നതരും ഉത്തമരും ആകുന്നത്, അതിന് നിങ്ങളുടെ വംശവുമായിട്ട് ഒരു ബന്ധവുമില്ല. നിങ്ങളുടെ ജനതയുമായിട്ടോ നിങ്ങളുടെ നിറവുമായിട്ടോ നിങ്ങളുടെ പണവുമായിട്ടോ സമൂഹത്തിൽ നിങ്ങൾക്കുള്ള ഉന്നത സ്ഥാനവുമായിട്ടോ അതിന് ബന്ധമൊന്നുമില്ല. ബലഹീനരായ ജനതകളുടെമേൽ ഭരണം നടത്തുന്നതുകൊണ്ടും ഉന്നതനാകുകയില്ല. ദുൻയാവിന്റെ ദൃഷ്ടിയിൽ ഈ ഭൗതികമായ ശക്തിയുടേയും ഭരണത്തിന്റേയും സ്ഥാനം ഉണ്ടാകും എന്നതു ശരി. പക്ഷേ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതുണ്ടാകുകയില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാരാർഹമാകാത്തത്, എന്തിനുവേണ്ടി അത് ഉപയോഗിച്ചാലും അതിന്റെ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിൽ വിജയിക്കുകയില്ല. മനുഷ്യരെല്ലാം ഒരു കുടുംബമാണെന്ന് ഇസ്ലാം പറയുന്നു. ഒരു കുടുംബമായിട്ടിരിക്കുമ്പോൾ, പരസ്പരമുള്ള സ്നേഹവും നിലനിറുത്താൻ ശ്രദ്ധിക്കും; സ്നേഹവും സന്തോഷവുമുള്ള കുടുംബത്തിലെ അംഗങ്ങൾ സ്നേഹിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നതുപോലെ. അല്ലാഹു ഈ വചനത്തിൽ ഗോത്രങ്ങളും ജനതകളും തമ്മിൽ പരസ്പരം തിരിച്ചറിയുന്നതിനുംവേണ്ടി മാത്രമാണ് തരംതിരിച്ചിരിക്കുന്നതെന്ന ചിത്രമാണ് നല്കിയിട്ടുള്ളത്. ഇത് പാക്കിസ്ഥാനികളാണ്. ഇത് ഇംഗ്ലീഷുകാരാണ്. ഇത് ജർമ്മൻകാരാണ്. ഇത് ആഫ്രിക്കക്കാരാണ്. മനുഷ്യൻ എന്ന നിലയിൽ നിങ്ങളെല്ലാവരും മനുഷ്യരാണ്. സമ്പന്നന്റെ വികാരം തന്നെയാണ് ദരിദ്രന്റേയും. യൂറോപ്യന്റെ വികാരം തന്നെയാണ് ആഫ്രിക്കക്കാരന്റേതും. പൗരസ്ത്യദേശവാസികളുടെ വികാരം തന്നെയാണ് പാശ്ചാത്യരുടെ വികാരങ്ങൾ. അതുകൊണ്ട് പരസ്പരമുള്ള വികാരങ്ങൾ ശ്രദ്ധിക്കുക. വികാരങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ സമാധാനത്തിൽ ഇരിക്കുന്നതാണ്. അനശ്വരമായ സ്നേഹവും മൈത്രിയും നിലനിറുത്തുന്നതിനായി ഓരോ ജനതയിലും അല്ലാഹു വെച്ചിട്ടുള്ള പ്രത്യേകതയെ പ്രയോജനപ്പെടുത്തുക. എന്നെന്നും നിലനില്ക്കുന്ന സമാധാനത്തിന്റെ ഈയൊരു മാനദണ്ഡമാണ് ഇസ്ലാമിലുള്ളത്. ഇല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ, എത്ര സമാധാന കൗൺസിലുകൾ ഉണ്ടായാലും, എത്ര സംഘടനകളുണ്ടായാലും അതൊരിക്കലും അനശ്വരമായ സമാധാനം സ്ഥാപിക്കുന്നതിൽ വിജയിക്കുകയില്ല. ഖുർആനിലെ ഈ അധ്യാപനം വെറും അധ്യാപനമെന്ന പരിധിക്കുള്ളിൽ മാത്രം നിലനിന്നില്ല. നബി(സ) തിരുമേനി തന്റെ ജീവിതകാലത്ത് ഇതനുസരിച്ച് പ്രവർത്തിച്ചു. ദരിദ്രരെ ഓമനിച്ചു. അടിമകളെ സ്നേഹിച്ചു. പിന്നാക്കക്കാർക്ക് അവരുടെ അവകാശം നേടിക്കൊടുത്തു. അവർക്ക് സമൂഹത്തിൽ സ്ഥാനം കൊടുപ്പിച്ചു. ആഫ്രിക്കൻ അടിമയായിരുന്ന ഹദ്റത്ത് ബിലാൽ(റ) സ്വതന്ത്രനാക്കപ്പെട്ടിരുന്നുവെങ്കിലും സമൂഹത്തിൽ ഒരു നിലയും അക്കാലത്ത് അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ, നബി(സ) തിരുമേനിയുടെ പെരുമാറ്റം, അദ്ദേഹത്തിന് ഉന്നതമായ സ്ഥാനം നല്കി, അതിന്റെ ഫലമായി ഹദ്റത്ത് ഉമർ(റ)ഉം അദ്ദേഹത്തെ സയ്യിദുനാ ബിലാൽ എന്ന പേരിലാണ് വിളിച്ചിരുന്നത്. ഇതാണ് സമാധാനത്തിന്റെ നില സ്ഥാപിക്കുന്നതിനുള്ള രീതികൾ. പിന്നീട് ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ നബി(സ) തുറന്നു പ്രഖ്യാപിച്ചു: നിങ്ങളെല്ലാവരും ആദമിന്റെ മക്കളാണ്. അതിനാൽ അറബികൾക്ക്

അജമികളുടെമേൽ ഒരു ശ്രേഷ്ഠതയുമില്ല. അറബിയല്ലാത്തവർക്ക് അറബികളുടെമേലും ഒരു ശ്രേഷ്ഠതയുമില്ല. ഇതുപോലെ നിറവും കുലവും നിങ്ങളുടെ ശ്രേഷ്ഠതയ്ക്കുള്ള മാർഗ്ഗമല്ല. ഈ സമൂഹമായിരുന്നു നബി(സ) തിരുമേനി സൃഷ്ടിച്ചത്. അതുതന്നെയാണ് ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് നബി(സ)യുടെ കല്പനയനുസരിച്ച് സ്ഥാപിക്കേണ്ടതും. തുടർന്ന് അല്ലാഹു സർവലോക സമാധാനം സ്ഥാപിക്കാനും കല്പിച്ചിരിക്കുന്നു. ഇത് ഇസ്ലാം വാളുകൊണ്ട് പ്രചരിച്ചുവെന്നും അക്രമം ചെയ്യാൻ കല്പിക്കുന്നുവെന്നും, പ്രചരിപ്പിക്കുന്നവരുടെ വായടപ്പിക്കാനും മതിയായതാണ്. എന്നല്ല, അതിനു വിപരീതമായി അല്ലാഹു കല്പിച്ചിരിക്കുന്നത്, നിങ്ങളുമായി യുദ്ധം ചെയ്യാത്തവരോട്, നിങ്ങൾക്കെതിരെ വാൾ ഉയർത്താത്തവരോട് നിങ്ങൾ കാഠിന്യത്തോടെ പെരുമാറരുതെന്ന് മാത്രമല്ല അവരോടു നന്മ പ്രവർത്തിക്കുകയും ഔദാര്യത്തോടെ പെരുമാറുകയും ചെയ്യുക എന്നാണ്. അവരുടെ കാര്യങ്ങളിൽ നീതിയുടെ എല്ലാ തേട്ടങ്ങളും പൂർത്തീകരിച്ചുകൊടുക്കുക എന്നാണ്. അവർ ക്രിസ്ത്യാനിയാണെങ്കിലും യഹൂദിയാണെങ്കിലും ആരായാലും ഇതു ശ്രദ്ധിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു: അവരോടു ഔദാര്യം ചെയ്യുക. അവരോട് സഹതാപം കാണിക്കുക. അവരോട് നീതിപൂർവ്വം പെരുമാറുക. അല്ലാഹു അത്തരക്കാരെ സ്നേഹിക്കുന്നു. ഇതെല്ലാം വിശുദ്ധഖുർആന്റെ ഈ വചനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതിൽ അല്ലാഹു പറയുന്നു.

لَا يَنْهٰكُمُ اللّٰهُ عَنِ الَّذِيْنَ لَمْ يُقَاتِلُوْكُمْ فِي الدِّيْنِ وَلَمْ يُخْرِجُوْكُمْ مِّنْ دِيَارِكُمْ اَنْ تَبَرُّوْهُمْ وَتُقْسِطُوْٓا اِلَيْهِمْ ؕ اِنَّ اللّٰهَ يُحِبُّ الْمُقْسِطِيْنَ ⑨

മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ ബഹിഷ്കരിച്ചിട്ടില്ലാത്തവരുമായവരെപ്പറ്റി, നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു (60:9).

ഇതിൽ, കുഴപ്പങ്ങൾ തടയുന്നതിനുവേണ്ടി നിങ്ങൾക്ക് വാളെടുക്കേണ്ടിവന്നാൽ, എടുക്കാം എന്ന് മറ്റൊരിടത്ത് പറഞ്ഞ കല്പനയിലേക്കും സൂചനയുണ്ട്. നിങ്ങൾക്കെതിരിൽ വാളെടുത്തുകൊണ്ട് കുഴപ്പങ്ങളും ലഹളകളും ഉണ്ടാക്കുന്നവർക്കെതിരെ, ഒരു ജനതയും, ഒരു ഭരണവും എന്ന നിലയിൽ യുദ്ധപ്രഖ്യാപനം നടത്താവുന്നതാണ്. പക്ഷേ, ഈ അനുവാദത്തിൽനിന്ന് അന്യായമായി മുതലെടുക്കരുത്. നിങ്ങളുമായി കലഹത്തിനു വരാത്തവരും, നിങ്ങളെ വിഷമിപ്പിക്കാത്തവരും, നിങ്ങളുമായി യുദ്ധം ചെയ്യാത്തവരും, നിങ്ങളെ നശിപ്പിക്കാൻ നിങ്ങളുടെ പിന്നാലെ കൂടാത്തവരുമായി, നീതി എന്താണോ ആവശ്യപ്പെടുന്നത് അതനുസരിച്ച് നന്മ പ്രവർത്തിക്കേണ്ടതാണ്. നല്ല രീതിയിൽ അവരോടു പെരുമാറുക. ഇക്കാര്യമാണ് നിങ്ങളെ അല്ലാഹുവിന്റെ പ്രിയങ്കരരാക്കിത്തീർക്കുന്നത്. കുഴപ്പമുണ്ടാക്കുക എന്ന ജോലിയല്ലാതെ മറ്റൊന്നുമില്ലാത്ത യുദ്ധം പ്രഖ്യാപിക്കുന്നവരോടു മാത്രമേ യുദ്ധം പാടുള്ളൂ. അത്തരക്കാരോടു സുഹൃത്തുബന്ധം വയ്ക്കാനും സ്നേഹം വർദ്ധിപ്പിക്കാനും അല്ലാഹു അനുവദിക്കുന്നില്ല. സമാധാനത്തോടെ ജീവിക്കുന്നവരുടെ സമാധാനം അന്യായമായി നശിപ്പിക്കാനും അല്ലാഹു അനുവദിക്കുന്നില്ല.

ഇവിടെ ഇതുംകൂടി സൂചിപ്പിക്കട്ടെ, ഇസ്ലാമികാധ്യാപനമനുസരിച്ച് യുദ്ധപ്രഖ്യാപനം നടത്തുകയെന്നത് അല്ലെങ്കിൽ പ്രതികരണം പ്രകടിപ്പിക്കുക എന്നത് ഭരണകൂടത്തിന്റെ ജോലിയാണ്. ഒരു വ്യക്തിയുടേയോ ചെറുതും വലുതുമായ ഗ്രൂപ്പിന്റേയോ പണിയല്ല. ഇങ്ങനെയായാൽ സ്വന്തം രാജ്യത്ത് താമസിക്കുകയും, സ്വന്തം ഭരണത്തിൽ കഴിയുകയും ചെയ്തുകൊണ്ട് കുഴപ്പമുണ്ടാക്കുന്ന ഒരവസ്ഥയുണ്ടാകും. ദൗർഭാഗ്യവശാൽ, ഇതേകാര്യമാണ് ഇന്ന് വിവിധ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള തീവ്രവാദങ്ങളിൽനിന്ന് പ്രകടമായിക്കൊണ്ടിരിക്കുന്നത്. സ്വന്തം നാട്ടിൽ കലഹം സൃഷ്ടിക്കുകയും ഇസ്ലാമിനും മുസ്ലിമിനും ചീത്തപ്പേരുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സർവ്വലോകസമാധാനത്തിനും സർവ്വലോക മതങ്ങളുമായിട്ടുള്ള ബന്ധത്തിനും സുപ്രധാനമായ ഒരു കല്പനയുണ്ട്. അല്ലാഹു പറയുന്നു:

وَلَا تَسُبُّوا الَّذِيْنَ يَدْعُوْنَ مِنْ دُوْنِ اللّٰهِ فَيَسُبُّوا اللّٰهَ عَدْوًۢا بِغَيْرِ عِلْمٍ ؕ كَذٰلِكَ زَيَّنَّا لِكُلِّ اُمَّةٍ عَمَلَهُمْ ۪ ثُمَّ اِلٰى رَبِّهِمْ مَّرْجِعُهُمْ فَيُنَبِّئُهُمْ بِمَا كَانُوْا يَعْمَلُوْنَ ⑩⑨

അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനത്തെ നാം അലങ്കാരമാക്കി കാണിച്ചുകൊടുത്തു. പിന്നീട് അവന്റെ നാഥന്റെയടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അവർക്ക് അവൻ വിവരം നല്കുന്നതാണ് (6:109).

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെക്കുറിച്ച് പറയുന്നു: "അല്ലാഹു വിശുദ്ധഖുർആനിൽ മര്യാദയുടേയും ധാർമ്മികതയുടേയും പാഠം പഠിപ്പിച്ചിരിക്കുന്നു. എത്രത്തോളമെന്നാൽ, അവൻ പറയുന്നു: നിങ്ങൾ മുശ്രിക്കീങ്ങളുടെ ബിംബങ്ങളെ ചീത്തപറയരുത്. അപ്പോൾ അവർ നിങ്ങളുടെ അല്ലാഹുവിനെ ചീത്തപറയും. കാരണം അവർ ഈ ദൈവത്തെ അറിയുകയില്ല." ഇവിടെ അല്ലാഹുവിന്റെ അധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ബിംബത്തിന് ഒരു പ്രസക്തിയുമില്ല. എന്നിട്ടും ബിംബങ്ങളെ ചീത്തപറയുന്നതിൽനിന്നും നിങ്ങളുടെ 'വായടച്ചുവയ്ക്കുക' എന്ന മര്യാദ അല്ലാഹു മുസ്ലിംകളെ പഠിപ്പിക്കുന്നു. വിനയത്തോടെ അവർക്ക് കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക. അവർ ദ്വേഷം പിടിച്ച് അല്ലാഹുവിനെ ചീത്തപറയുന്ന അവസരം ഉണ്ടാകാൻ പാടില്ല. ഈ ചീത്തപറയുന്നതിനുള്ള കാരണക്കാർ അപ്പോൾ നിങ്ങളായിത്തീരും.

ഇതാണ് സമൂഹത്തിലും ലോകത്തിൽത്തന്നെയും ശാന്തിയും സമാധാനവും നിലനിറുത്താനുള്ള ഇസ്ലാമിന്റെ കല്പന. ഓരോ അഴുക്കിനുമുള്ള മറുപടി അഴുക്കുകൊണ്ട് കൊടുക്കുക എന്നത് സ്വന്തം ദേഹത്ത് അഴുക്കിടുന്നതിന് തുല്യമാണ്. എതിരാളികൾ എന്തെങ്കിലും പറയുകയും, അതിനുള്ള മറുപടി അവരുടെ ബിംബങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ട് കൊടുക്കുകയും ചെയ്താൽ, ആ മറുപടി അല്ലാഹുവിനെവരെ സ്പർശിക്കാൻ ഇടയുണ്ട്. ഈ സൂക്ഷ്മമായ ഉദാഹരണം നല്കിക്കൊണ്ട്, 'നിങ്ങളുടെ സംസാരത്തിൽ യുക്തിയുടെ വശം ഉണ്ടായിരിക്കണം' എന്ന് സത്യവിശ്വാസികളോടു പറഞ്ഞു. അത് എപ്പോൾ സംസാരിച്ചാലും വേണ്ടില്ല. ഇതിന്റെ അർത്ഥം ഭീരുത്വം കാണിക്കുക എന്നല്ല. മുഖപ്രശംസ ചെയ്യുക എന്നതുമല്ല. പക്ഷേ, നാവിലെപ്പോഴും വിനയം ഉണ്ടായിരിക്കണം. ഈ കല്പന എപ്പോഴും മുന്നിൽവയ്ക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, പരമമായൊരു ഉദാഹരണം നല്കിക്കൊണ്ട് അല്ലാഹു 'നിങ്ങളുടെ തെറ്റായ പ്രതികരണംകൊണ്ട് അമുസ്ലിംകൾ അല്ലാഹുവിനേയും ചീത്തപറയാനിടയുണ്ട്' എന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നു. ഒരു മുസൽമാന് അല്ലാഹുവിനെക്കുറിച്ചുള്ള അഭിമാനമാണ് ഏറ്റവും വലുത്. അങ്ങനെത്തന്നെയാണ് വേണ്ടതും. തെറ്റായ വാക്കുകൾ ഉപയോഗിക്കുന്ന കാരണത്താൽ പിന്നീട് നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും. അല്ലാഹുവിനെ ചീത്തപറയുവാനുള്ള അവസരം ഒരുക്കിക്കൊടുത്തതിന് നിങ്ങളായിരിക്കും ഉത്തരവാദി. ഇപ്രകാരംതന്നെ മറ്റുള്ളവരിലെ വലിയവരേയും മഹാത്മാക്കളേയും നേതാക്കന്മാരേയും നിങ്ങൾ അനാവശ്യം പറയുമ്പോൾ അവരും അതേ രീതിയിൽ പ്രതികരിക്കാനിടയുണ്ട്. അതുകൊണ്ടാണ് നിങ്ങളുടെ പിതാക്കന്മാരെ ചീത്ത വിളിക്കരുതെന്ന് നബി(സ) തിരുമേനി പറഞ്ഞത്. ഉമ്മയേയും ബാപ്പയേയും ആരാണ് ചീത്തപറയാൻ മുതിരുന്നതെന്ന് ആരോ ചോദിച്ചു. നബി(സ) പറഞ്ഞു: നിങ്ങൾ ആരുടെയെങ്കിലും ഉപ്പയെ ചീത്തവിളിക്കുമ്പോൾ അവനും നിങ്ങളുടെ ഉപ്പയെ ചീത്തവിളിക്കും. അത് നിങ്ങൾ സ്വയം നിങ്ങളുടെ ഉപ്പയെ ചീത്തവിളിച്ചതിന് സമമാണ്.

സമാധാനം പ്രചരിപ്പിക്കാനുള്ള ഇസ്ലാമിക അധ്യാപനമാണിത്. ശിർക്ക് എന്നു പറയുന്നത് അല്ലാഹുവിന് അങ്ങേയറ്റം വെറുക്കപ്പെട്ടതാണ്. അതിനുള്ള ശിക്ഷയും താൻ മാപ്പാക്കുകയില്ലെന്ന് അല്ലാഹു പറയുന്നുണ്ട്. എന്നിട്ടും ആ ശിർക്ക് ചെയ്യുന്നവരോടും ഉൽക്കൃഷ്ട സ്വഭാവത്തിന്റെ വൃത്തത്തിനുള്ളിൽനിന്നുകൊണ്ട് സംസാരിക്കാൻ പറഞ്ഞു. നിങ്ങൾക്കുള്ള കല്പനയാണിത്. നിങ്ങളുടെ സ്വഭാവം, ഒരു മുസ്ലിമിന്റെ യഥാർത്ഥ ചിത്രം വരച്ചുകാണിക്കുന്നതായിരിക്കണം.

ഇന്ന് ഈ മനോഹരമായ അധ്യാപനം പ്രചരിപ്പിക്കേണ്ടത് മുസ്ലിംകളുടെ പ്രവൃത്തിയാണ്. ഇനിയുള്ളത്, ഇസ്ലാമിനെ പരിഹസിക്കുന്നതിൽനിന്ന് പിന്മാറാത്തവരുടെ കാര്യമാണ്- അവരെ എങ്ങനെ ഒതുക്കിനിറുത്താൻ കഴിയും. ഇതിനെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: അത്തരക്കാരുടെ നിർഭാഗ്യം, അവരുടെ കർമ്മങ്ങൾ അലങ്കരിച്ച് അവർക്ക് കാണിച്ചുകൊടുത്തു. അവർ മനസ്സിലാക്കുന്നത് വളരെ നല്ല കാര്യമാണ് തങ്ങൾ ചെയ്യുന്നതെന്നാണ്. ഇവർ അവസാനം, ഇഹലോകജീവിതത്തിനുശേഷം അല്ലാഹുവിലേക്കുതന്നെ മടങ്ങിപ്പോകേണ്ടവരാണ്. അവർ അല്ലാഹുവിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ, അല്ലാഹു

അവർ ചെയ്തതിനെക്കുറിച്ച് അവർക്ക് പറഞ്ഞുകൊടുക്കും. പിന്നീട് എന്താണോ അവർ അർഹിക്കുന്നത് അതനുസരിച്ച് അവൻ പ്രവർത്തിക്കും. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു:

أَلْقِيَا فِي جَهَنَّمَ كُلَّ كَفَّارٍ عَنِيدٍ ﴿٢٤﴾
مَّنَّاعٍ لِّلْخَيْرِ مُعْتَدٍ مُّرِيبٍ ﴿٢٥﴾
الَّذِي جَعَلَ مَعَ اللَّهِ إِلَٰهًا آخَرَ فَأَلْقِيَاهُ فِي
الْعَذَابِ الشَّدِيدِ ﴿٢٦﴾

അല്ലയോ മേൽനോട്ടക്കാരേ, നിങ്ങളിരുവരും ധിക്കാരിയായ ഓരോ അവിശ്വാസിയേയും നരകത്തിൽ തള്ളിയിടുക; നന്മയെ തടയുന്നവരും അതിക്രമിയും ആശയക്കുഴപ്പമുണ്ടാക്കുന്നവരുമായവനെ! അല്ലാഹുവിനോടൊപ്പം, മറ്റൊരു ആരാധ്യനെ സങ്കല്പിച്ചുവച്ചവനത്രെ അവൻ. അതുകൊണ്ട് നിങ്ങളിരുവരും അവനെ കഠിനശിക്ഷയിൽ തള്ളിയിടുക (50:25-27).

അല്ലാഹു അടുത്തലോകത്ത് ഈ രീതിയിലാണ് അവരോട് പെരുമാറുന്നതെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ഏതൊരു കാര്യം അല്ലാഹു ഏറ്റെടുത്തുവോ, അതിനെ സംബന്ധിച്ച് നാം ചിന്തിക്കേണ്ട കാര്യമില്ല.

ഇപ്പോൾ റുശ്ദിയെ സംബന്ധിച്ച് വലിയ കോലാഹലം നടക്കുകയാണ്. ഇത്തരം നിർമതവാദികൾക്കും ആരെങ്കിലുമൊക്കെ ആരാധ്യരായിട്ടുണ്ടാകും. ലോകത്തുള്ള ഏതെങ്കിലും സംഘടനയേയോ, ഉന്നതരായ വ്യക്തികളേയോ, ഏതെങ്കിലും ഭരണകൂടത്തേയോ അവർ ആരാധ്യരാക്കി വെച്ചിട്ടുണ്ടാകും. അല്ലാഹു അവർക്കായി ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. നമ്മൾ അടിച്ചുതകർക്കാനും ചാവേർ ആക്രമണം അനുവദനീയമാണെന്നു പറയാനും ഈ രീതിയിൽ പ്രതികരിക്കണമെന്ന് പ്രഖ്യാപിക്കാനും മുതിരുമ്പോൾ ഇസ്‌ലാമിന്റെ ഉൽക്കൃഷ്ടമായ ധാർമ്മികത, തെറ്റായി ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തെറ്റായ ചിത്രം അവതരിപ്പിക്കുന്നുവെന്നതല്ലാതെ ഒന്നും നമുക്ക് ലഭിക്കുകയില്ല. അല്ലെങ്കിൽ അടിച്ചുതകർക്കുമ്പോൾ സ്വന്തം നഷ്ടം വരുത്തിവയ്ക്കുകയായിരിക്കും. അയാൾ ഇസ്‌ലാമിന്നെതിരിൽ പറഞ്ഞിട്ടുള്ള വിടുവായത്തം നബി(സ)ക്കെതിരിൽ എന്നല്ല, മലക്കുകൾക്കും അല്ലാഹുവിന്നുമെതിരിൽ പറഞ്ഞിട്ടുള്ള വിടുവായത്തം, അത് വർഷങ്ങൾക്കുമുമ്പേ ഉണ്ടായിരുന്നതാണ്. ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ അയാളുടെ ഈ പ്രവർത്തനംകൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ ഏതെങ്കിലും ഭരണകൂടം മുസ്‌ലിംകളുടെ വികാരത്തെ മാനിക്കാതെ അയാൾക്ക് എന്തെങ്കിലും അവാർഡ് കൊടുക്കുകയോ, ബഹുമതി നല്കുകയോ ചെയ്യുന്നുവെങ്കിൽ, ആ എല്ലാ കാര്യങ്ങളും അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. താൻ അവനെ ഒതുക്കിക്കൊള്ളുമെന്ന് അല്ലാഹു പറയുന്നു. ഇതിന്റെ അർത്ഥം യൂറോപ്പിൽ, മാന്യത തികച്ചും നഷ്ടപ്പെട്ടിരിക്കുന്നു എന്നല്ല. മാന്യന്മാരാരും യൂറോപ്പിൽ ഇല്ലെന്നുമല്ല. ഒരുപാടാളുകൾ ഇവിടെയും ഇംഗ്ലണ്ടിലും ഇതിനെ വിമർശിച്ചിട്ടുണ്ട്. പാർലമെന്റംഗങ്ങളും വിമർശിച്ചിട്ടുണ്ട്. ഇയാൾക്ക് നല്കിയിരിക്കുന്ന 'നൈറ്റ്' ബഹുമതി ലോകത്തിലെ സമാധാനവും ശാന്തിയും നശിപ്പിക്കുമെന്നല്ലാതെ ഒരു നേട്ടവും ഉണ്ടാക്കുകയില്ല. ഒരുദ്ദേശ്യവും ഇതുകൊണ്ട് പൂർത്തിയാകുകയുമില്ല. ഇപ്രകാരംതന്നെ ഇയാൾ ഈ ഗ്രന്ഥം കുറേനാൾ മുമ്പേ എഴുതിയപ്പോൾ- അയാളെക്കൊണ്ട് ഈ ഗ്രന്ഥം എഴുതിച്ചതാണെന്ന് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുകയാണ്- ഇവിടുത്തെ നിരൂപകന്മാർ അതിനെ നിരൂപണം ചെയ്തിയിരുന്നു. ഇതിനു പിന്നിൽ ആരുടേയോ കൈയുണ്ടെന്ന് അവർ പറഞ്ഞിരുന്നു. ഇയാൾ തനിച്ചല്ല. ഇസ്‌ലാമിന്നെതിരിലുള്ള ഒരു വലിയ പദ്ധതിയാണിത്; ഇങ്ങനെയൊക്കെ മുസ്‌ലിംകളെ പ്രകോപിപ്പിക്കുകയെന്നും, എന്നിട്ടതിൽനിന്ന് നേട്ടമുണ്ടാക്കുക എന്നതുമാണ് ഇവരുടെ തന്ത്രം. അതിനുള്ള അവസരം മുസ്‌ലിംകൾ ഉണ്ടാക്കിക്കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. രണ്ടോ നാലോ ജാഥ നടത്തുന്നതുകൊണ്ടോ പിന്നീട് മൗനം പാലിച്ചിരിക്കുന്നതുകൊണ്ടോ ഒരു നേട്ടവും ഉണ്ടാകുകയില്ല. കൊടി കത്തിക്കുന്നതുകൊണ്ടോ, ചിത്രം കത്തിക്കുന്നതുകൊണ്ടോ, കോലം കത്തിക്കുന്നതുകൊണ്ടോ, ജാഥ നടത്തുന്നതുകൊണ്ടോ ഈ പദ്ധതി അവസാനിക്കുകയില്ല. ഇതിൽനിന്ന് മുസ്‌ലിംകളുദ്ദേശിക്കുന്ന ഫലം നേടുന്നത് അവരായിരിക്കും. അവരുടെ നിലപാടിനെ പിന്തുണയ്ക്കുന്നതായിത്തീരും ഇവരുടെ പ്രവൃത്തി. ഇസ്‌ലാം അങ്ങനെതന്നെയുള്ള മതമാണെന്ന് സ്ഥാപിക്കുകയാണ് അവരുടെ ലക്ഷ്യം.

എന്തായാലും, ഇത്തരം പ്രവൃത്തികളോട് യഥാർത്ഥ പ്രതികരണം എന്താണെന്നുവെച്ചാൽ, അതാണ് മുസ്‌ലിംകളിൽനിന്നുണ്ടാകേണ്ടത്. അത് ലോകത്തിന്റെ വായ സ്വയം അടയുന്നതിനുവേണ്ടി ഇസ്‌ലാമികമായ അധ്യാപനങ്ങൾ ആദ്യത്തേക്കാൾ

കൂടുതൽ തങ്ങളിൽ നടപ്പിൽവരുത്തുക എന്നതാണ്; നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുക. ഇതുമുഖേന നബി(സ) തിരുമേനിയുടെ സമുദായം ആത്മീയതയിലും അഭിവൃദ്ധിപ്പെടുന്നവരായിത്തീരും. നബി(സ)യുടെ മാതൃകയെ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുക. പക്ഷേ, ഇന്ന് ഈ ജോലി ആർക്കെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അഹ്മദികൾക്കു മാത്രമേ അതിനു സാധിക്കുകയുള്ളൂ. അവർ നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിച്ചവരാണ്. ഇന്ന് ആക്ഷേപകർക്ക് മറുപടി പറയാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ, അഹ്മദികൾക്കു മാത്രമേ അതിനു കഴിയുകയുള്ളൂ. ഇന്ന് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ലോകത്തിന് കാണിച്ചുകൊടുക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അത് അഹ്മദികൾക്കു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇന്ന് അഹ്മദികൾ ആദ്യത്തേക്കാൾ കൂടുതൽ ഇതിനായി പരിശ്രമിക്കുകയെന്നത് അവരുടെ നിർബന്ധകടമയാണ്. ആദ്യത്തേക്കാൾ കൂടുതൽ നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക.

റുശ്ദി ഈ ഗ്രന്ഥം എഴുതിയ കാലഘട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നമ്മുടെ ഹർശദ് അഹ്മദി സാഹിബിനെക്കൊണ്ട് ഇതിനു മറുപടി എഴുതിച്ചിരുന്നു. ഇതിന്റെ പേര് റുശ്ദി ഹോൺന്റഡ് ബൈ ഹിസ് അൺഹോളി വേഴ്സ് (Rushdi hornted by his unholy verse) എന്നായിരുന്നു. ഇത് സ്റ്റോക്കുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽതന്നെ വളരെ കുറവേ ഉണ്ടായിരുന്നുള്ളൂ. കുറച്ചു മാറ്റങ്ങളും വരുത്തേണ്ടതുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ചില കാര്യങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുത്തിരുന്നു. ആ അധ്യായവും കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഞാൻ വീണ്ടും അദ്ദേഹത്തോടു പറഞ്ഞിട്ടുണ്ട്. ഒരു പബ്ലിഷിംഗ് കമ്പനിയാണ് അത് പ്രസിദ്ധീകരിച്ചിരുന്നത്. അവരുതന്നെയാണ് അതിന്റെ മാർക്കറ്റിംഗ് നടത്തിയിരുന്നതും. ഇപ്പോൾ ജമാഅത്ത് അത് പ്രസിദ്ധീകരിക്കുകയാണ്. ഇത് എത്രയും വേഗം പ്രസിദ്ധീകരിക്കും ഇൻശാഅല്ലാഹ്. ഇതിന്റെ ഉർദു തർജമയും കഴിഞ്ഞിരിക്കുന്നു.

ലോകജനത സത്യം മനസ്സിലാക്കുന്നതിനുവേണ്ടി ഇത് വിദ്യാസമ്പന്നർക്ക് പ്രത്യേകം നല്കേണ്ടതാണ്. ഇസ്‌ലാമിന്റെ ഉന്നതമായ സ്വഭാവവൈശിഷ്ട്യത്തെക്കുറിച്ച് മറ്റുള്ളവർക്ക് അറിയിച്ചുകൊടുക്കാൻ കഴിയുന്ന സേവനവും ഇതുതന്നെയാണ്. ലോകത്തിലെ കുഴപ്പങ്ങൾ അവസാനിപ്പിക്കാനുള്ള യഥാർത്ഥ മാർഗ്ഗമേതാണെന്നും അവർക്കറിയാൻ കഴിയും.

ലോകസമാധാനത്തിന്റെ അടിത്തറ നിലകൊള്ളുന്നത് നീതിയിലാണ്. അല്ലാഹു വിശുദ്ധഖുർആനിൽ നിങ്ങളുടെ നീതിയുടെ നിലയെക്കുറിച്ച് പറയുന്നു:

يَاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ لِلّٰهِ
شُهَدَآءَ بِالْقِسْطِ ۫ وَلَا يَجْرِمَنَّكُمْ شَنَاٰنُ
قَوْمٍ عَلٰٓى اَلَّا تَعْدِلُوْا ؕ اِعْدِلُوْا ۟ هُوَ
اَقْرَبُ لِلتَّقْوٰى ۫ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ
خَبِيْرٌۢ بِمَا تَعْمَلُوْنَ ۝٩

അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന് നിങ്ങളോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ് (5:9).

ഇതിന് വിശദീകരണം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ശത്രുജനതയുടെ ശത്രുത, അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ തടയരുത്. നീതിയിൽ നിലകൊള്ളുക. അതിലാണ് ദൈവഭക്തി. മക്കയിലെ നിഷേധികൾ ചെയ്തതുപോലെ അന്യായമായി നിങ്ങളെ വിഷമിപ്പിക്കുകയും ശല്യം ചെയ്യുകയും രക്തമൊഴുക്കുകയും പിന്നാലെ കൂടുകയും കുട്ടികളേയും സ്ത്രീകളേയും കൊല്ലുകയും യുദ്ധത്തിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്ന ജനതയോട് കൊടുക്കൽ വാങ്ങലിൽ നീതിയോടുകൂടി പെരുമാറുക എന്നത് എത്രമാത്രം ദുഷ്ക്കരമായിരിക്കും ഇപ്പോൾ നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. വിശുദ്ധഖുർആൻ അത്തരം ജീവശത്രുവിനേയും അവഗണിച്ചുകളഞ്ഞില്ല. അവരോട് നീതിയോടും ന്യായത്തോടുംകൂടി പെരുമാറാൻ വസിയ്യത്ത് ചെയ്തു. ഞാൻ സത്യമായും പറയുന്നു. ശത്രുവിന് വിരുന്നൊരുക്കുക എളുപ്പമാണ്. പക്ഷേ, ശത്രുവിന്റെ അവകാശങ്ങൾ കാത്തുസൂക്ഷിക്കുകയും കേസുകളിൽ നീതിയും ന്യായവും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടുള്ളതും

പൗരുഷശാലിയുടെ മാത്രം പ്രവൃത്തിയുമാണ്.”

ശത്രുവിനോടൊപ്പമിരുന്ന് നല്ലനിലയിൽ സംസാരിക്കുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുത തികച്ചും മറക്കുക എന്നത്, അവനോട് നീതി പൂർവ്വം പെരുമാറുക എന്നത് വളരെ ദുഷ്കരമായ കാര്യമാണ്. അത് വളരെ ധൈര്യം വേണ്ട പ്രവൃത്തി യാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറ യുന്നു. “അല്ലാഹു ഈ വചനത്തിൽ സ്നേഹത്തെ ക്കുറിച്ച് പറഞ്ഞില്ല. മറിച്ച്, സ്നേഹത്തിന്റെ നിലയെ ക്കുറിച്ചാണ് പറഞ്ഞത്. കാരണം ആരാണോ തന്റെ ശത്രുജനതയോട് നീതി കാണിക്കുന്നത്, സത്യസന്ധ തയോടും ന്യായത്തോടുംകൂടി വിട്ടുവീഴ്ച ചെയ്യു ന്നത് അവനുമാത്രമേ സത്യമായ നിലയിൽ സ്നേഹി ക്കാൻ കഴിയൂ.”

അതായത്, സ്നേഹിക്കുക എന്ന് അല്ലാഹു പറ ഞ്ഞില്ല. മറിച്ച് പറഞ്ഞത് നിങ്ങളുടെ സ്നേഹത്തിന്റെ നില ഇതായിരിക്കണമെന്നാണ്. അതായത് കൊടിയ ശത്രുത മക്കയിലെ ജനങ്ങൾ മുസ്ലിംകളോടും നബി(സ) തിരുമേനിയോടും കാണിച്ചിട്ടും അവരെ കൊല്ലുകയും അവരോട് അക്രമം ചെയ്യുകയും ചെയ്തിട്ടും അത്തരക്കാരോടും നീതിയോടുകൂടി പെരുമാറുക. അതുമുഖേന സ്നേഹം വർദ്ധിക്കും. ഈ രീതിയിലാണ് ലോകത്തിന് യഥാർത്ഥത്തിൽ സമാധാനം പകരുന്ന ആ സമാധാന സന്ദേശം എത്തി ക്കാൻ കഴിയുന്നത്. ഇതുതന്നെയാണ് ഇസ്ലാമിന്റെ സത്യമായ അധ്യാപനം.

സത്യമായ സ്നേഹവും നീതിയിലധിഷ്ഠിത മായ പ്രവർത്തനവും ഉണ്ടാകുമ്പോൾ സമാധാന ത്തിന്റെ സന്ദേശവും എല്ലായിടത്തും എത്തുന്നതാ ണ്. നബി(സ) തിരുമേനിയുടെ മാതൃകാപരമായ ജീവിതം ഇതുതന്നെയായിരുന്നു. അത് മക്കാവിജയ ത്തിന്റെ അവസരത്തിൽ, സത്യനിഷേധികളുടെ വലിയ വലിയ നേതാക്കന്മാരെ ഇസ്ലാമിന്റെ മടി ത്തട്ടിൽ കൊണ്ടുവന്നിട്ടു. നബി(സ)യുടെ ഈ മാതൃ കാപരമായ ജീവിതം ശത്രുക്കൾക്ക് സമാധാന ത്തിന്റെ അഭയകേന്ദ്രമായിത്തീർന്നിരുന്നു. ‘***ലാ തഥ്രീബ അലയ്ക്കുമുൽ യൗം***’ എന്ന സന്ദേശം ആ അവസരത്തിൽ സമാധാനത്തിന്റെ സൗന്ദര്യം വിത റിക്കൊണ്ടേപോയി.

ഇതാണ് ആ ചവിട്ടുപടി. ഇതുമായിട്ടാണ് ലോക സമാധാനം ബന്ധപ്പെട്ടിരിക്കുന്നത്. ഇല്ലെങ്കിൽ ലോക ത്തിലെ എത്രവലിയ നീതി ഇഷ്ടപ്പെടുന്ന ഭരണകൂട മായാലും അവർ രാഷ്ട്രീയക്കാരുടെ കൈകളിൽ കളി പ്പാട്ടങ്ങളായിക്കൊണ്ടിരിക്കും. ലോകത്തിന്റെ താക്കോൽ കൈയടക്കിവെച്ചിട്ടുള്ളവരുടെ സംഘടന പറയുന്നതനുസരിച്ച് അവർ ചലിച്ചുകൊണ്ടിരിക്കും. അവർ പ്രത്യക്ഷത്തിൽ ലോകസമാധാനത്തിന്റെ വാദ ക്കാരാണ്. പക്ഷേ, പ്രവർത്തനപരമായി നോക്കു മ്പോൾ കടലിലും കരയിലും കുഴപ്പങ്ങൾ പടച്ചുവി ട്ടിരിക്കുകയാണ്.

ഇതുസംബന്ധമായുള്ള വിശുദ്ധഖുർആന്റെ ചില കല്പനകളാണ് ഞാൻ വിവരിച്ചത്. ഇവയിൽ നിന്ന് ആ മനോഹരമായ അധ്യാപനങ്ങളുടെ ചിത്രം നമുക്ക് ലഭിക്കുന്നു. ലോകത്ത് ഇസ്ലാമിന്റെ യഥാർത്ഥ ചിത്രം കാണിക്കുന്ന ഭരണകൂടങ്ങൾ സ്ഥാപിതമാകുന്ന ആ ദിനം പെട്ടെന്ന് വരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നബി(സ) തിരു മേനിയുടെ സത്യസന്ധനായ പ്രേമിയുടേയും കാല ത്തിന്റെ ഇമാമിന്റേയും പരിചയുടെ പിന്നിൽ വന്ന് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനത്തെ ലോകത്ത് നടപ്പിൽവരുത്തുന്നതിന് സഹായിക്കുന്ന വരും തഖ്വയിൽ പദമൂന്നുന്നവരുമായ ഭരണ കർത്താക്കളും ഉണ്ടാകുമാറാകട്ടെ. ഈ കാര്യം നേടു ന്നതിന് ഇന്ന് അഹ്മദികളുടെ ജോലി പ്രാർത്ഥനയിൽ മുഴുകുക എന്നതാണ്. അല്ലാഹു നമ്മുടെ പ്രാർത്ഥന കൾ സ്വീകരിക്കുമാറാകട്ടെ. ഈ ലോകത്തെ, സ്നേഹ ത്തിന്റേയും സന്തോഷത്തിന്റേയും സമാധാനത്തി ന്റേയും കളിത്തൊട്ടിലാക്കുമാറാകട്ടെ. എല്ലാ ഓരോ രുത്തർക്കും ഏകനും പങ്കുകാരനില്ലാത്തവനുമായ ആ ഒരേയൊരു ആരാധ്യൻ മാത്രമായിത്തീരട്ടെ. അല്ലാഹു അങ്ങനെതന്നെ ആക്കിത്തീർക്കട്ടെ.


| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 22.6.2007 at Baithulfutuh, London | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |
|---|---|